ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനം

*20 [293] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. പി. അനിൽ കുമാർ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം എത്ര ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഇന്ത്യൻ കൗൺസിൽ മെഡിക്കൽ റിസർച്ച് ഫൗണ്ടേഷൻ ഇത്തരം ക്ലിനിക്കുകളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം ക്ലിനിക്കുകളിൽ ലിംഗനിർണ്ണയ പരിശോധന നടത്താറുണ്ടോ;

(ഇ) പെൺഭ്രൂണത്തെ നശിപ്പിക്കുന്നതിന് ഇത്തരം ക്ലിനിക്കുകൾ രഹസ്യ സഹായം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) നടപടികൾ എടുത്തിട്ടില്ല. കാരണം പൂർണ്ണ പ്രവർത്തനക്ഷമതയുള്ള ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ സ്വകാര്യ സ്ഥാപനങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) ഇല്ല.

(ഡി) പ്രിനേറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക്സ് ആക്ട് പ്രകാരം ക്ലിനിക്കുകളിൽ ലിംഗ നിർണ്ണയ പരിശോധന നടത്തുന്നത് നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly